## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 4331** **13.12.2018 -ൽ മറുപടിയ്ക്ക്**

### ടൂറിസം പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി

ചോദ്യം
ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് :

മറുപടി
ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി ഏതെങ്കിലും ടൂറിസം പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ; | എ) | കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ അനുമതിയ്ക്കായി 10 പദ്ധതി പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു.<br>1. കാലടി മലയാറ്റൂർ പിൽഗ്രീം സർക്യൂട്ട്<br>2.ആതിരപ്പള്ളി നാച്ചുർ ബയ്സ്ഡ് ടൂറിസം സർക്യൂട്ട്<br>3. ശ്രീ. നാരായണ ഗുരു പിൽഗ്രിം സർക്യൂട്ട്<br>4. കേരളാ കോസ്റ്റൽ സർക്യൂട്ട്<br>5. പന്തിരുകുലം പദ്ധതി<br>6. കണ്ണൂർ പിൽഗ്രിം സർക്യൂട്ട്<br>7.നാലമ്പലം സർക്യൂട്ട്<br>8. കേന്ദ്ര ടൂറിസം മന്ത്രാലയം നിർദ്ദേശിച്ച പ്രകാരമുള്ള കേരളത്തിലെ വിവിധ ആരാധനാലയങ്ങളിൽ അടിസ്ഥാന സൗകര്യവികസനം<br>9. സെന്റ് തോമസ് ഇന്റർനാഷണൽ ഷ്റിൻ , മലയാറ്റൂർ<br>10. ചേരമാൻ ജുമാ മസ്ജിദ് , കൊടുങ്ങല്ലൂർ |
| ബി) | ഈ പദ്ധതികളിൽ എന്തെങ്കിലും തിരുത്തലുകൾ വരുത്തുവാൻ ആവശ്യപ്പെട്ടിട്ടുണ്ടോ; | ബി) | താഴെ പറയുന്ന പദ്ധതി പ്രൊപ്പോസലുകൾ കേന്ദ്ര ടൂറിസം മന്ത്രാലയം നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പുനർ സമർപ്പിച്ചിട്ടുണ്ട്.<br>1 കാലടി മലയാറ്റൂർ പിൽഗ്രീം സർക്യൂട്ട്<br>2.ആതിരപ്പള്ളി നാച്ചുർ ബയ്സ്ഡ് ടൂറിസം സർക്യൂട്ട്<br>3. ശ്രീ. നാരായണ ഗുരു പിൽഗ്രിം സർക്യൂട്ട്<br>4. സെന്റ് തോമസ് ഇന്റർനാഷണൽ ഷ്റിൻ , മലയാറ്റൂർ |
| സി) | ഈ പദ്ധതികളുടെ അനുമതിക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | സി) | ഈ പദ്ധതികളുടെ അനുമതി ലഭ്യമാക്കുന്നതിനുവേണ്ടി കേന്ദ്ര ടൂറിസം മന്ത്രാലയം ഡൽഹിയിൽ വച്ച് നടത്തിയ മീറ്റിംഗുകളിൽ പങ്കെടുക്കുകയും ആവശ്യമായ പ്രസന്റേഷനുകൾ ബന്ധപ്പെട്ട ആർക്കിടെക്ടുകളുടെ സഹായത്തോടെ നടത്തുകയും , പദ്ധതിയുടെ ആവശ്യകതയും പ്രാധാന്യവും വിവിധ ഘട്ടങ്ങളിൽ കേന്ദ്ര ടൂറിസം മന്ത്രാലയത്തെ ബോധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ